# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2019 നവംബർ 6-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1073/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ഘടന .. | v |
| 2. | റിപ്പോർട്ട് .. | 1 |
| 3. | അനുബന്ധം : | |
| | I. വിയോജനക്കുറിപ്പ് .. | 3 |
| | II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ .. | 5 |

# സബ്ജക്റ്റ് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,

ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പ് മന്ത്രി.

അംഗങ്ങൾ :

| | |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, | എം. എൽ. എ. |
| ശ്രീ. അൻവർ സാദത്ത്, | ,, |
| ശ്രീമതി സി. കെ. ആശ, | ,, |
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ, | ,, |
| ശ്രീ. ഒ. ആർ. കേളു, | ,, |
| ശ്രീ. എം. മുകേഷ്, | ,, |
| ശ്രീ. യു. ആർ. പ്രദീപ്, | ,, |
| ശ്രീ. സി. കെ. ശശീന്ദ്രൻ, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യൂക്കുട്ടി. ജി, ജോയിന്റ് സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി. എസ്, അണ്ടർ സെക്രട്ടറി.

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നമ്പർ 216) സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ, 2019 ഒക്ടോബർ 19-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 ഒക്ടോബർ 28-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2019 ഒക്ടോബർ 29-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

എ. കെ. ബാലൻ,<br>*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,<br>2019 ഒക്ടോബർ 29.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബില്ലിലെ 3-ാം വകുപ്പ് പ്രകാരം മൂലനിയമത്തിലെ 12-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി മൂലം ക്ഷേമനിധി ബോർഡിലേക്ക് അഞ്ച് വർഷത്തേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗത്തിന്റെയും അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും പ്രതിനിധീകരിക്കുന്ന 4 അംഗങ്ങളുടെയും വനിതകളെയും കുട്ടികളെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ വേണ്ടത്ര അറിവുള്ള വിദഗ്ദ്ധൻ എന്നിവരുടെ കാലാവധി മൂന്ന് വർഷമായി കുറവ് ചെയ്യുന്നത് രാഷ്ട്രീയ താല്പര്യത്തോടെയാണെന്നതിനാൽ പ്രസ്തുത നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (ഒപ്പ്)

അൻവർ സാദത്ത് (ഒപ്പ്)

അനുബന്ധം II

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 10-ാം വകുപ്പിന്റെ ഭേദഗതി.—2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിന് (2016-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 10-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ,—

(i) ഖണ്ഡം (iv)-ൽ "സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ഖണ്ഡം (vi)-ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "അഞ്ച് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 26) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 ഒക്ടോബർ 29.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*